സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി

* 8 [8] ശ്രീ. മണിമംഗലത്തു കുട്ട്യാലി:
,, പി.പി. തങ്കച്ചൻ:
,, കെ.കെ. രാമചന്ദ്രൻമാസ്റ്റർ:
,, പന്തളം സുധാകരൻ:
,, കെ. മുഹമ്മദാലി: താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് . മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതു സംബന്ധിച്ച് ഇന്നുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇത്തരം കേസുകളിൽ തീർപ്പു കൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) വരുമാനപരിധി കൂട്ടുന്ന കാര്യം പരിഗണിക്കുമോ;

(ഡി) മരിച്ചുപോയ സർക്കാരുദ്യോഗസ്ഥൻമാരുടെ മിനിമം സർവ്വീസ് കാലാവധി 5 വർഷമെന്നത് കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) നിലവിലുള്ള വ്യവസ്ഥകൾ മാറ്റേണ്ട ആവശ്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

(ബി) ഇത്തരം കേസുകൾ വളരെ അടിയന്തിരമായി പരിഗണിക്കുകയും തീർപ്പുകൽപ്പിക്കുകയും ചെയ്യണമെന്ന കർശനമായ നിർദ്ദേശം എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും ഗവൺമെന്റ് നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിഗണിച്ചു വരികയാണ്.

(ഡി) തൽക്കാലം ഉദ്ദേശമില്ല.

പഞ്ചായത്ത് ധനകാര്യകമ്മീഷൻ റിപ്പോർട്ട്

* 9 [9] ശ്രീ. തോപ്പിൽ രവി:
,, രാഘവൻ പൊഴക്കടവിൽ:
,, കെ. രാഘവൻ മാസ്റ്റർ:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ധനകാര്യക്കമ്മീഷന്റെ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly